II ഇ.ബി.XIV-കേരള നിയമസഭ/VII-9

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 21, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടിക്കെതിരെ അനധികൃത ഭൂമി കയ്യേറ്റം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും അല്പസമയത്തിനുശേഷം നിശബ്ദരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാവുകയും ചെയ്തു.)

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26(*271) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ടായിരുന്ന ഡ്യൂട്ടി പാറ്റേൺ ഏകീകരണം വഴി ശമ്പളത്തിന് ആനുപാതികമായ സേവനം ലഭ്യമാക്കുന്നതിനുള്ള കർമ്മ

പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്നും പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം വാഹന ഉപയോഗം ശരാശരി 87 ശതമാനമായി ഉയരുകയും ജീവനക്കാരുടെ കുറവുമൂലം ഉപയോഗിക്കാൻ കഴിയാതിരുന്ന ബസുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതിനാലും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ  കഴിഞ്ഞതുമൂലവും വരുമാനത്തിൽ 50 ലക്ഷം രൂപയുടെ പ്രതിദിന വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നും ഡബിൾ ഡ്യൂട്ടി ക്രമത്തിൽ ആഴ്ചയിൽ 48 മണിക്കൂർ വരേണ്ട സ്ഥാനത്ത് ഇപ്പോൾ 39 മണിക്കൂർ മാത്രമേ ജോലി ചെയ്യിപ്പിക്കുന്നുള്ളൂവെന്നും മോട്ടോർ ട്രാൻസ്പോർട്ട് ആക്ട് പ്രകാരം 8 മണിക്കൂർ ജോലിക്ക് അരമണിക്കൂർ വിശ്രമം അനുവദിക്കുന്നതോടൊപ്പം സിംഗിൾ ഡ്യൂട്ടിക്ക് കേവലം ആറര മണിക്കൂറെങ്കിലും ജീവനക്കാരുടെ സേവനം ലഭ്യമാക്കണമെന്നതാണ് ഡ്യൂട്ടി ഏകീകരണം കൊണ്ട് ഉദ്ദേശിക്കുന്നതെന്നും പുതുക്കിയ ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കിയതിലൂടെ കൈവരിച്ച നേട്ടങ്ങളുടെ വ്യക്തമായ കണക്കുകൾ ശേഖരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. ഒരു ലക്ഷം കോടി രൂപ ആസ്തിയുള്ള കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കടം 3000 കോടി രൂപ മാത്രമാണെന്നും പ്രൊഫ. സുശീൽ ഖന്ന നൽകിയ പ്രിലിമിനറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വരുംവർഷങ്ങളിൽ ടി കടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ആർ.ടി.സി.യിൽ സമഗ്രമായ വികസനം സാദ്ധ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിനായി

മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ജീവനക്കാർ പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഡീസൽ ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസുകൾ സി.എൻ.ജി./ എൽ.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള നടപടികളും നിലവിലുള്ള തൊഴിലാളികൾക്ക് മുഴുവൻ സമയവും തൊഴിൽ നൽകുന്നതിനായി 900 പുതിയ ബസുകൾ വാങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ജനറൽ മാനേജർ/അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികകൾ സൃഷ്ടിച്ച് ആഗസ്റ്റ് മാസം 30-ഓടുകൂടി നിയമന നടപടികൾ പൂർത്തീകരിക്കുന്നതോടൊപ്പം ഓരോ ജില്ലയിലേയും എ.റ്റി.ഒ./ഡി.റ്റി.ഒ.മാരുടെ സേവനം യഥാവിധി പ്രയോജനപ്പെടുത്തുന്നതുസംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതുമാണ്. കെ.എസ്.ആർ.ടി.സി.യിൽ തുടർന്നുവന്ന സൂചനാ പണിമുടക്കിന്റെ ഭാഗമായി മാറ്റപ്പെട്ട മുഴുവൻ തൊഴിലാളികളെയും പുനർവിന്യസിപ്പിച്ചിട്ടുണ്ടെന്നും ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങളും പാലക്കാട് ജില്ലയിൽ പുതിയ കെ.എസ്.ആർ.ടി.സി. ഡിപ്പോയും പാലക്കാട്-മണ്ണാർക്കാട്-ആനക്കട്ടി റൂട്ടിൽ പുതിയ ബസ് സർവീസുകൾ ആരംഭിക്കുന്നതാണെന്നും കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസുകൾ വെറുതെ

കിടക്കുന്നതുസംബന്ധിച്ചും കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും അപര്യാപ്തത സംബന്ധിച്ചും എഴുതി നൽകിയാൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി.യിൽ നിലനിൽക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും സമഗ്ര വികസനം സാദ്ധ്യമാക്കുന്നതിനും പണിമുടക്കുപോലുള്ള സമര പരിപാടികൾ ഒഴിവാക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ സംഘടനകളുടെയും ആത്മാർത്ഥമായ സഹകരണം ആവശ്യമാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

### 27 (*272) <u>ഗ്രാമീണറോഡ് സംരക്ഷണം വനിതാ സ്വാശ്രയസംഘങ്ങളെ ഏൽപ്പിക്കൽ</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, കേരളത്തിൽ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് പ്രത്യേക നയം രൂപീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും ഉത്തരാഖണ്ഡ് മാതൃകയിൽ കേരളത്തിലെ പി.എം.ജി.എസ്.വൈ. റോഡുകളുടെ പാർശ്വഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ വനിതാ സ്വാശ്രയ സംഘങ്ങളെ ഏൽപ്പിക്കുന്നതുസംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിവരികയാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ അഞ്ച്

വർഷത്തിനുശേഷമുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള 62-ഓളം ലേബർ കൺസ്ട്രക്ഷൻ സൊസൈറ്റികളിൽ പ്രവർത്തനക്ഷമമായ 46 സൊസൈറ്റികൾ നാളിതുവരെ 52,87,186/- രൂപയുടെ പ്രവൃത്തികൾ അവാർഡ് ചെയ്തുകഴിഞ്ഞു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതിനുപുറമെ സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയുമാണ്. ലോക ബാങ്ക് സഹായത്തോടെയുള്ള മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി നയപരമായ കാര്യമായതിനാൽ അക്കാര്യം ആലോചിച്ച് തീരുമാനിക്കുന്നതോടൊപ്പം ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും മേഖലാ വിഭജന നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്ന കാര്യവും ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഏതെങ്കിലും പഞ്ചായത്ത് റോഡുകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന കാര്യവും ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണെന്ന് മന്ത്രി അറിയിച്ചു. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം സഹകരണ

സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുകയും റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന കോൺട്രാക്ടർമാരെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുന്നതാണെന്നും ഗ്രാമീണ റോഡുകളുടെ വീതി ആറ് മീറ്ററിൽ കുറയ്ക്കാനാകില്ലെന്നും പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലനിന്നിരുന്ന കേസിൽ ഫലപ്രദമായി ഇടപെടൽ നടത്തി ടി തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്താൻ സാധിച്ചുവെന്നും ഡി.ഡി.പി.മാരുടെ നിയമനവുമായി ബന്ധപ്പെട്ട് അന്തിമ കോടതി വിധി വരുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

28(*273) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, വെറ്ററിനറി സയൻസ്, ഡയറി സയൻസ്, പൗൾട്രി സയൻസ് എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിലാണ് പ്രധാനമായും സർവ്വകലാശാല പ്രവർത്തനം നടത്തുന്നതെന്നും സർവ്വകലാശാല ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാദ്ധ്യമാക്കുന്ന കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഒരു വികസന സമിതി രൂപീകരിച്ച്

പ്രവർത്തനം നടത്തുകയും വിവിധ വിഭാഗങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ സർവ്വകലാശാല ഭരണസമിതി, മാനേജ്മെന്റ് കൗൺസിൽ എന്നിവയിൽ സമർപ്പിച്ച് ചർച്ച നടത്തുകയും വാർഷിക പ്രവർത്തന റിപ്പോർട്ട് എല്ലാ വർഷവും അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനായി പ്രത്യേക സ്കോറിംഗ് സംവിധാനം നിലവിലുണ്ടെന്നും അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങൾക്ക് പ്രത്യേക പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ കന്നുകാലി-ക്ഷീരവികസന മേഖലയിലെ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി പ്രസിദ്ധീകരണങ്ങൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ, മൊബൈൽ ആപ്പ്സ്, റേഡിയോ/ടി.വി. പരിപാടികൾ, ദിനപത്ര ലേഖനങ്ങൾ, സാങ്കേതിക ഉപദേശം നൽകൽ, ഫീൽഡ് ക്യാമ്പുകൾ, മൊബൈൽ ആമ്പുലേറ്ററി ക്ലിനിക്കുകൾ, ഇ-വെറ്റ് കാൾ സെന്ററുകൾ എന്നിവ ആരംഭിച്ചതിനുപുറമെ സർവ്വകലാശാല ഫാമുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഫാം ടൂറിസം പദ്ധതികൾ, ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭ്യമാക്കൽ, സർവ്വകലാശാലയ്ക്കും കോളേജുകൾക്കും ലഭിച്ചിട്ടുള്ള ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അംഗീകാരം, അദ്ധ്യാപന -ഗവേഷണ – വിജ്ഞാനവ്യാപന മേഖലകളിൽ അന്താരാഷ്ട്ര സർവ്വകലാശാലകളുമായി ആരംഭിച്ചിട്ടുള്ള സഹകരണം, ഓൺ ഹെൽത്ത്

പദ്ധതി, പ്രിസിഷൻ ഫാമിംഗ് ഗവേഷണ പദ്ധതികൾ, ഗുണനിലവാരമുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കർഷകർക്കും സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള ഫീഡ്മിൽ പദ്ധതി, ജൈവകൃഷിക്കാവശ്യമായ പഞ്ചഗവ്യം തുടങ്ങിയ ഉല്പന്നങ്ങളുടെ വിതരണം, സ്റ്റാർട്ട്-അപ് വിപണന പദ്ധതികൾ, വൈവിധ്യമാർന്ന കോഴ്സുകൾ, പരിശീലന പരിപാടികൾ എന്നിവയും നടപ്പിലാക്കിവരുന്നതായി മന്ത്രി വ്യക്തമാക്കി. ഗ്രാജ്വേഷൻ, ബി.ബി.സി, ബി.ടെക് ഡയറി സയൻസ്, എം.എസ്.സി കോഴ്സുകൾ എം.ടെക് ഡയറി ടെക്നോളജി, പി.ജി. ഡിപ്ലോമ കോഴ്സുകൾ എന്നിവ സർവ്വകലാശാല നടത്തിവരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കോഴ്സുകളും കോളേജുകളും നിലനിർത്തുന്നതിനാവശ്യമായ പോസ്റ്റ് ക്രിയേഷൻ നടത്തി കൃത്യമായ പഠന നിലവാരവും സൗകര്യങ്ങളും ഉറപ്പാക്കുന്നതോടൊപ്പം സർവ്വകലാശാലയിലെ എൻ.ആർ.ഐ./നോൺ ഡൊമൈസൽ സീറ്റുകളിലേയ്ക്ക് ചട്ടവിരുദ്ധമായി നടത്തിയിട്ടുള്ള പ്രവേശനം സംബന്ധിച്ച് വൈസ് ചാൻസലറുടെയും രജിസ്ട്രാറുടെയും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്. വെറ്ററിനറി സർവ്വകലാശാലയുടെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് ഇനങ്ങളായ മലബാറി/അട്ടപ്പാടി ബ്ലാക്ക് ആടുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നാടൻ കോഴിയുമായി ക്രോസ് ബ്രീഡ് ചെയ്തുകൊണ്ട്

അതുല്യ, ഗ്രാമശ്രീ, ഗ്രാമലക്ഷ്മി എന്നീ ഇനങ്ങളിലുള്ള മുട്ടക്കോഴികളെ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്ന മുറയ്ക്ക് കോലാഹലമേട്, കുളത്തുപ്പുഴ ഫുഡ് ടെക്നോളജി കോളേജുകൾ ആരംഭിക്കുകയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെറ്റച്ചൽ ഡയറി സയൻസ് കോളേജിൽ പോസ്റ്റ് ക്രിയേഷനുശേഷം ലൈഫ് സയൻസ് പാർക്ക് നടപ്പാക്കുകയും കെ.എസ്.ഐ.ഡി.സി.-യുമായി സഹകരിച്ച് തോന്നയ്ക്കലിൽ ഒരു ലൈഫ് സയൻസ് പാർക്ക് ബയോ മെഡിക്കൽ റിസർച്ച് സെന്റർ എന്ന നിലയിൽ ആറ് മാസത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്യുന്നതാണ്. കർഷകർക്ക് ചുരുങ്ങിയ വിലയ്ക്ക് കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് നൽകുന്നതിനായി മണ്ണുത്തിയിൽ പുതിയൊരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഫാമുകളിലെ ഫാം ടൂറിസം സാദ്ധ്യതകൾ സംബന്ധിച്ച് പരിശോധിക്കുമെന്നും ചാലക്കുടിയിലെ വാഴച്ചാൽ-അതിരപ്പിള്ളി മേഖലയിലൂടെ കടന്നുപോകുന്ന തുമ്പൂർമൂഴി ഫാമിന്റെ ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫുഡ് ടെക്നോളജി കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും ലബോറട്ടറി സജ്ജീകരണങ്ങൾക്കുമായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2947 മുതൽ 3287 വരെയുള്ള ചോദ്യങ്ങളിൽ 90 എണ്ണത്തിനും ബന്ധപ്പെട്ട

മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)